AKSHAYA
Gateway of Opportunities

# അക്ഷയജാലകം

ന്യൂസ് ബുള്ളറ്റിൻ

KERALA STATE IT MISSION

Issue - 7 **Enabling Akshaya is Empowering Kerala** 2018 March


## ഡിജിറ്റൽ മേഖലയിൽ വൻകുതിപ്പിന് കളമൊരുക്കി ഹാഷ് ഫ്യൂച്ചർ ഉച്ചകോടി




നൂതന സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഡിജിറ്റൽ ഭാവിയിലേക്ക് കേരളത്തെ നയിക്കുക എന്ന ലക്ഷ്യത്തോടെ കൊച്ചിയിൽ സംഘടിപ്പിച്ച ഹാഷ് ഫ്യൂച്ചർ ഉച്ചകോടി നവീനമായ ആശയങ്ങൾകൊണ്ട് ശ്രദ്ധേയമായി. കേരളത്തിലെ ഐടി മേഖലയിലെ സാദ്ധ്യതകളും വെല്ലുവിളികളും സമ്മേളനം വിശദമായി ചർച്ച ചെയ്തു. നിർമിത ബുദ്ധിയും (Artificial intelligence) റോബോട്ടിക്സും പോലുള്ള സാങ്കേതിക വിദ്യകൾ തൊഴിലവസരങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതിനെക്കുറിച്ചുള്ള ചർച്ചയും അതിനായുള്ള പുതിയ നിർദ്ദേശങ്ങളും സമ്മേളനത്തിലുണ്ടായി. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. വിവര വിനിമയത്തിന്റെയും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെയും ആഗോള കേന്ദ്രമാക്കി കേരളത്തെ മാറ്റുമെന്നും ഹാഷ് ഫ്യൂച്ചർ സമ്മിറ്റ് അതിന്റെ ആദ്യപടിയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

പേപ്പർ പൂർണമായും ഒഴിവാക്കി സമ്പൂർണമായും ഡിജിറ്റലായി കേരളത്തിൽ നടത്തിയ ആദ്യ സമ്മേളനമായിരുന്നു ഹാഷ് ഫ്യൂച്ചർ. പാസിനു പകരം മൊബൈലിൽ ഡൗൺലോഡ് ചെയ്യുന്ന ക്യൂ.ആർ കോഡ് ഉപയോഗിച്ചായിരുന്നു പ്രതിനിധികൾക്ക് പ്രവേശനം. സംരംഭകരുടെയും നിക്ഷേപകരുടെയും കൂട്ടായ്മയിലൂടെ കേരളത്തെ ഡിജിറ്റൽ ജീവിതരീതിയിലേക്ക് മാറ്റുകയാണ് ലക്ഷ്യം.

ഉദ്ഘാടന സമ്മേളനത്തിൽ സംസ്ഥാന ഐടി ഉന്നതാധികാര സമിതി ചെയർമാൻ എസ്.ഡി ഷിബുലാൽ ഹാഷ് ഫ്യൂച്ചറിന്റെ ലക്ഷ്യം അവതരിപ്പിച്ചു. ഐടി സെക്രട്ടറി എം. ശിവശങ്കർ, ചീഫ് സെക്രട്ടറി പോൾ ആന്റണി എന്നിവർ സംസാരിച്ചു. ഐടി ഉന്നതാധികാര സമിതി അംഗവും ഐബിഎസ് സോഫ്റ്റ്‌വെയർ സർവീസ് സ്ഥാപക ചെയർമാനുമായ വി.കെ. മാത്യൂസ് മുഖ്യ പ്രഭാഷണം നടത്തി. ഐടി രംഗത്തെ വിദഗ്ദ്ധർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി അവതരണങ്ങൾ നടത്തി.

## ആധാർ - പാൻകാർഡ് ലിങ്കിംഗ്: തീയതി നീട്ടി

ആധാർ പാൻകാർഡുമായി ബന്ധിപ്പിക്കേണ്ട സമയപരിധി ജൂൺ 30 വരെ നീട്ടി. മാർച്ച് 31 വരെയായിരുന്നു നേരത്തെ തീരുമാനിച്ചിരുന്നത്. ബാങ്ക് അക്കൗണ്ടും മൊബൈൽ നമ്പറും ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള അവസാന തീയതിയും അനിശ്ചിത കാലത്തേക്കു നീട്ടിയിട്ടുണ്ട്. ആകെയുള്ള 33 കോടി പാൻ കാർഡുകളിൽ 17 കോടിയോളം പാൻ കാർഡുകളാണ് ഇതുവരെ ആധാറുമായി ബന്ധപ്പെടുത്തിയിട്ടുള്ളത്.. ഇതോടെ സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളുമായി ആധാർ ബന്ധിപ്പിക്കുന്നതിന് ജൂൺ 30 വരെ അവസരം ലഭിക്കും.



# കമ്പ്യൂട്ടർ പരിശീലനത്തിന് തുക അനുവദിച്ചു



ഇടുക്കി ഐടിഡിപി യുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ പ്രീ മെട്രിക് ഹോസ്റ്റലുകളിലെയും സ്കൂളിലെയും അന്തേവാസികൾക്ക് അക്ഷയ വഴി കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് 7 ലക്ഷം രൂപ അനുവദിച്ചു. ഏഴ് പ്രീമെട്രിക് ഹോസ്റ്റലുകളിലെയും അടിമാലി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഞ്ച് പ്രീമെട്രിക് ഹോസ്റ്റലുകളിലെയും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെയും ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളിലെയും അന്തേവാസികൾക്കാണ് കമ്പ്യൂട്ടർ പരിശീലനം നൽകുന്നത്. 2018 ജൂൺ മുതൽ 2019 മാർച്ച് വരെയാണ് പരിശീലന കാലാവധി. ഇടുക്കി ഡി.പി.എം സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചാണ് തുക അനുവദിച്ചത്.

## സേവനങ്ങളുമായി റസിഡൻസ് അസോസിയേഷനിലേക്ക്

അക്ഷയ വഴി ലഭിക്കുന്ന എല്ലാ സേവനങ്ങളും റെസിഡന്റ്സ് അസോസിയേഷൻ വഴി ജനങ്ങളിലെത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് കോഴിക്കോട് ജില്ലയിൽ തുടക്കം കുറിച്ചു. റസിഡൻസ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ക്യാമ്പുകൾ സംഘടിപ്പിച്ച് സേവനങ്ങളെക്കുറിച്ച് ബോധവല്കരണം നടത്താനും അവ ലഭ്യമാക്കാനും പദ്ധതി ലക്ഷ്യമിടുന്നു. അക്ഷയ ജനങ്ങളോടൊപ്പം എന്ന പേരിലാരംഭിച്ച പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം മാർച്ച് 11 ന് ജില്ലാ കളക്ടർ ശ്രീ. യു വി ജോസ് ഐ എ എസ് നിർവ്വഹിച്ചു.



അക്ഷയ ജനങ്ങളോടൊപ്പം പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ കളക്ടർ ശ്രീ. യുവി ജോസ് ഐ എ എസ് നിർവ്വഹിക്കുന്നു.

## എം കേരളം മൊബൈൽ ആപ്പ്

ഐ.ടി. മിഷൻ എംഗവേർണൻസ് പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ചെടുത്ത ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ ആയ എംകേരളം പ്രവർത്തനക്ഷമമായി. വിവിധ ഗവൺമെന്റ് വകുപ്പുകളുടെ 100 ൽ പരം സേവനങ്ങൾ എം കേരളം മൊബൈൽ ആപ്ലിക്കേഷൻ വഴി ജനങ്ങൾക്ക് ലഭ്യമാണ്.

## അക്ഷയ സംരംഭകർക്ക് ഹാർഡ് വെയർ പരിശീലനം

അക്ഷയ സംരംഭകരുടെ സാങ്കേതിക വൈദഗ്ധ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അക്ഷയ സംരംഭകർക്ക് ഹാർഡ് വെയർ മെയിന്റനൻസ് & നെറ്റ്വർക്കിംഗിൽ പരിശീലനം നൽകാൻ തീരുമാനമായി. ഹാർഡ് വെയർ മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാദ്ധ്യതകൾ പരിഗണിച്ചാണ് ഇത്തരമൊരു സംരംഭത്തിന് രൂപം കൊടുത്തത്. അക്ഷയ സെന്ററുകളെ ആ പ്രദേശത്തെ ഹാർഡ് വെയർ മെയിന്റനൻസ് ക്ലിനിക്കുകളാക്കി മാറ്റുക എന്നതാണ് ഈ പരിശീലനത്തിന്റെ ലക്ഷ്യം. പ്രസ്തുത പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന സംരംഭകർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

## ഫാസ്ടാഗ് പരിശീലനം

എസ്ബിഐയുടെയും അക്ഷയ പാലക്കാട് ജില്ലാ പ്രോജക്ട് ഓഫീസിന്റെയും സംയുക്താഭിമുഖ്യത്തിൽ സംരംഭകർക്ക് എസ്ബിഐ ഭിം, ഫാസ്ടാഗ് എന്നിവയിൽ പരിശീലനം നൽകി. എസ്ബിഐ പാലക്കാട് റീജിയണൽ മാനേജർ ശ്രീമതി ടെസ്സിമോൾ പരിശീലനം ഉദ്ഘാടനം ചെയ്തു. നബാർഡ് നൽകുന്ന സബ്സിഡി നിരക്കിൽ അറുപത് പേർക്ക് ബയോമെട്രിക് സ്കാനറുകൾ നൽകി.






# ജനങ്ങളുടെ വിശ്വാസം നേടിയാൽ വിജയം സുനിശ്ചിതം



**ഷാജി അലക്സ്, KNR108, അങ്ങാടിക്കടവ്, കണ്ണൂർ**

ജനസാന്ദ്രത വളരെ കുറഞ്ഞ സ്ഥലം. കർണാടക സ്റ്റേറ്റിനോട് അടുത്ത വനപ്രദേശം. മിക്കപ്പോഴും കറന്റില്ല. ചിലപ്പോൾ രണ്ടോ മൂന്നോ ദിവസം തുടർച്ചയായി കറന്റ് കാണില്ല. ഇങ്ങനെയൊരു സ്ഥലത്ത് അക്ഷയ കേന്ദ്രം തുടങ്ങാൻ പൊതുവേ എല്ലാവരും ഒന്നു മടിക്കും. പക്ഷേ എവിടെ തുടങ്ങുന്നുവെന്നതല്ല, അത് എങ്ങനെ മുന്നോട്ടു കൊണ്ടു പോകുന്നുവെന്നതും കഠിനാദ്ധ്വാനം ചെയ്യാനുള്ള മനസ്സുമാണ് ഏതൊരു സംരംഭത്തെയും വിജയിപ്പിക്കുന്നതെന്ന വിശ്വാസത്തിലായിരുന്നു ഞാൻ ഇത്തരം പ്രതികൂല സാഹചര്യങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് പഞ്ചായത്തിലെ അങ്ങാടിക്കടവ് എന്ന സ്ഥലത്ത് അക്ഷയ കേന്ദ്രം തുടങ്ങാൻ മുതിർന്നത്.

തികഞ്ഞ ആത്മവിശ്വാസമായിരുന്നു എന്റെ കൈമുതൽ. നിരന്തരമായ വൈദ്യുതി തടസ്സം സെന്ററിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചു. പലപ്പോഴും ആളുകൾ നിരാശരായി മടങ്ങി. സേവനം തേടി വരുന്ന ഒരാളും അതു ലഭിക്കാതെ മടങ്ങരുതെന്ന് വിശ്വാസമുള്ളതുകൊണ്ടുതന്നെ ഞാൻ ഒരു ജനറേറ്റർ വാങ്ങി. അതോടെ ഏതു സമയവും അക്ഷയകേന്ദ്രത്തിൽനിന്ന് സേവനം ലഭിക്കുമെന്ന സ്ഥിതി വന്നു. യുപിഎസ് കൂടിയായതോടെ വൈദ്യുതി പ്രശ്നത്തിന് പൂർണമായും പരിഹാരമായി.സർക്കാർ സേവനങ്ങളോടൊപ്പം വരുമാനം വർദ്ധിപ്പിക്കാനുതകുന്ന മറ്റു പല കാര്യങ്ങളും അക്ഷയയോട് അനുബന്ധമായി ആരംഭിച്ചു. സ്പൈറൽ ബൈന്റിംഗ്, ലാമിനേഷൻ, കളർ പ്രിന്റിംഗ് തുടങ്ങിയവയൊക്കെ അക്ഷയ കേന്ദ്രത്തിലേക്ക് വരുന്ന ആളുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അവരൊക്കെ മറ്റ് പലതരം സേവനങ്ങൾക്കും അക്ഷയയെ ആശ്രയിക്കുകയും ചെയ്തു. 60000 ൽ അധികം ആധാർ എൻറോൾമെന്റും നടത്തിക്കഴിഞ്ഞു

എപ്പോഴും നമ്മുടെ അറിവു വർദ്ധിപ്പിക്കുവാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കണം എന്ന കാഴ്ചപ്പാടാണ് അക്ഷയയുടെ തിരക്കുകൾക്കിടയിലും എംസിഎയ്ക്ക് ചേരാൻ എന്നെ പ്രേരിപ്പിച്ചത്. ഫസ്റ്റ് ക്ലാസിൽതന്നെ പാസായി. ഒരു അക്ഷയ കേന്ദ്രം വഴി നൽകാൻ കഴിയുന്ന എല്ലാ സേവനങ്ങളും എന്റെ കേന്ദ്രത്തിലൂടെ നൽകാൻ ശ്രമിച്ചുവരുന്നു. കൃത്യമായ സർവ്വീസ് നൽകുക, കൃത്യസമയത്ത് സെന്റർ അടയ്ക്കുകയും തുറക്കുകയും ചെയ്യുക. പറയുന്ന സമയത്ത് കാര്യം ചെയ്തുകൊടുക്കുക- ഇവ പാലിക്കാൻ ഞാൻ എപ്പോഴും ശ്രദ്ധിക്കുന്നു. ആദ്യകാലത്ത് ഒട്ടെറെ തുക കയ്യിൽനിന്ന് ചെലവായി. കഠിനാധ്വാനവും ആത്മവിശ്വാസവുംകൊണ്ട് അതെല്ലാം തിരിച്ചുപിടിക്കാൻ കഴിഞ്ഞു. ഇപ്പോൾ രണ്ടു ലക്ഷം രൂപ ചെലവാക്കി സെന്റർ നവീകരിച്ചു. മൂവായിരം സ്ക്വയർഫീറ്റുള്ള ഒരു വീടും വച്ചു. എല്ലാം നേടാൻ തുണയായത് അക്ഷയയാണ്.

കൃത്യത, വ്യക്തത, സമയനിഷ്ഠ, സത്യസന്ധത, ചിരിക്കുന്ന മുഖം - ഇത്രയുമുണ്ടെങ്കിൽ ഒരിക്കൽ വന്നവർ വീണ്ടും നമ്മുടെ സെന്ററിലേക്ക് വരും. ആദ്യം നേടിയെടുക്കേണ്ടത് ജനങ്ങളുടെ വിശ്വാസമാണ്. അതു നേടിക്കഴിഞ്ഞാൽ വിജയം സുനിശ്ചിതം.



കണ്ണൂർ: KNR182 - അക്ഷയ കേന്ദ്രം ശ്രീ. എ.എൻ. ഷംസീർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.




**newsletteraspo@gmail.com**

അക്ഷയ ന്യൂസ് ലറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് സംരംഭകരിൽനിന്നും വിജയകഥകൾ (Success stories) ക്ഷണിക്കുന്നു. സംരംഭകർ തനതായി ഏറ്റെടുത്തു നടത്തുന്ന പ്രോജക്ടുകൾ, അക്ഷയ കേന്ദ്രം വിജയകരമായി നടത്തിക്കൊണ്ട് പോകുന്നതിനു സ്വീകരിച്ചിട്ടുള്ളതും മറ്റുള്ളവർക്ക് മാതൃകയാക്കാവുന്നതുമായ പ്രവർത്തനങ്ങൾ തുടങ്ങിയവ അയയ്ക്കാവുന്നതാണ്. തെരഞ്ഞെടുക്കുന്നവ ന്യൂസ് ലെറ്ററിൽ പ്രസിദ്ധീകരിക്കും.

***Please visit our Facebook Page:***
**https://www.facebook.com/akshayacsckerala**




**റിപ്പോർട്ടുകളും രചനകളും**

ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് ജില്ലാതലത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും ഫോട്ടോയും newsletteraspo@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അയച്ചുതരേണ്ടതാണ്.



കോട്ടയം : ആധാർ ഓപ്പറേറ്റർമാർക്ക് പരിശീലനം



എറണാകുളം: ഹൈക്കോടതിയിൽ ആധാർ അപ്ഡേഷൻ ക്യാമ്പ്



പാലക്കാട്: അട്ടപ്പാടിയിൽ ആധാർ എൻറോൾമെന്റ്



ഇടുക്കി : ഐസിടി അക്കാഡമിയുടെ പരിശീലനം



മലപ്പുറം : കിയോസ്ക് ബാങ്കിംഗ് പരിശീലനം



കണ്ണൂർ: പേരാവൂർ എസ്സി/എസ്ടി ആധാർ എൻറോൾമെന്റ്



കാസർഗോഡ് : കിയോസ്ക് ബാങ്കിംഗ് പരിശീലനം

ജില്ലാതലത്തിൽ നടക്കുന്ന പരിപാടികളുടെ ഫോട്ടോയും റിപ്പോർട്ടും **newsletteraspo@gmail.com** എന്ന മെയിലിലേക്ക് അയച്ചു തരേണ്ടതാണ്.